മരച്ചീനി കൃഷി

1605. [2391] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരച്ചീനി കൃഷി എത്ര ഏക്കർ സ്ഥലത്ത് നടത്തുന്നുണ്ട് ;

(ബി) 1982 മുതൽ 1986 വരെ ഓരോ വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച മരച്ചീനിയുടെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1984-85 ലെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് മൊത്തം 232,753 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 1982-83 മുതൽ 1985-86 വരെ ഓരോ വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച മരച്ചീനിയുടെ കണക്കുകൾ താഴെ ചേർക്കുന്നു.

വർഷം	ഉൽപ്പാദനം (ടണ്ണിൽ)
1982-83	3848710
1983-84	3903170
1984-85	3952540
1985-86	3463260

1984-85, 1985-86-ൽ മരച്ചീനി കൃഷിചെയ്ത സ്ഥലം

1606. [2392] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1984-85 വർഷത്തിൽ എത്ര ഏക്കർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തിട്ടുണ്ട് ;

(ബി) 1985-86-ൽ എത്ര ഏക്കർ സ്ഥലത്ത് ഈ കൃഷി ചെയ്തിട്ടുണ്ട് ;

(സി) മരച്ചീനിക്ക് ഇപ്പോൾ താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) മരച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(എഫ്) ഏറ്റവും കൂടുതൽ മരച്ചീനി കൃഷി ചെയ്യുന്ന ജില്ലയും ഏറ്റവും കുറച്ച് കൃഷി ചെയ്യുന്ന ജില്ലയും ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1984-85-ൽ വർഷത്തിൽ സംസ്ഥാനത്ത് മൊത്തം 232753 ഹെക്ടർ പ്രദേശത്ത് മരച്ചീനി കൃഷി ചെയ്തിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 1985-86 വർഷത്തിൽ 214,966 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മരച്ചീനിക്ക് ഇപ്പോൾ നിലവിലുള്ള വിലനിലവാരം കൃഷി ചെലവുമായി കണക്കാക്കുമ്പോൾ ആശ്വാസകരമായതിനാൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1984-85-ലെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 55,432 ഹെക്ടറും, കൊല്ലം ജില്ലയിൽ 41624 ഹെക്ടറും, പത്തനംതിട്ട ജില്ലയിൽ 17,833 ഹെക്ടറും, ആലപ്പുഴ ജില്ലയിൽ 11,900 ഹെക്ടറും, കോട്ടയം ജില്ലയിൽ 23,008 ഹെക്ടറും, ഇടുക്കി ജില്ലയിൽ 10,485 ഹെക്ടറും, എറണാകുളം ജില്ലയിൽ 11,874 ഹെക്ടറും, തൃശ്ശൂർ ജില്ലയിൽ 5,797 ഹെക്ടറും പാലക്കാട് ജില്ലയിൽ 12,990 ഹെക്ടറും, മലപ്പുറം ജില്ലയിൽ 17,780 ഹെക്ടറും, കോഴിക്കോട് ജില്ലയിൽ 3,361 ഹെക്ടറും, വയനാട് ജില്ലയിൽ 2.495 ഹെക്ടറും, കണ്ണൂർ ജില്ലയിൽ 18124 ഹെക്ടറും ആണ്.

(എഫ്) ഏറ്റവും കൂടുതൽ മരച്ചീനി കൃഷി ചെയ്യുന്ന ജില്ല തിരുവനന്തപുരവും ഏറ്റവും കുറച്ച് മരച്ചീനി കൃഷിചെയ്യുന്ന ജില്ല വയനാടുമാണ്.

സൗജന്യമായി വിതരണംചെയ്ത തെങ്ങിൻതൈകൾ

1607. [2393] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം തെങ്ങിൻതൈകൾ കേര കർഷകർക്ക് സൗജന്യമായി നൽകിയിട്ടുണ്ട് ;

(ബി) ഓരോ വർഷവും നൽകിയ തെങ്ങിൻതൈകൾ എത്രവീതം ?

ഉത്തരം

(എ) ഇരുപത്തിഏഴു ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി എഴുനൂറ്റി എഴുപത്തിഒന്ന്. (2,7 69, 771 എണ്ണം)

(ബി)

വർഷം	തെങ്ങിൻതൈകളുടെ എണ്ണം
1982-83	അഞ്ചു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി മുന്നൂറ്റി അറുപത്തിഎട്ട് (5, 42, 368)
1983-84	രണ്ടു ലക്ഷത്തി ഒൻപതിനായിരത്തി എഴുനൂറ്റി ഇരുപത്തിഅഞ്ച് (2, 09, 725)
1994-85	നാലുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറ്റിഇരുപത്തിനാല് (4, 32, 124)
1995-86	ഏഴുലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി ഇരുപത്തിഅഞ്ച് (7, 16, 525)
1986-87	എട്ടു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുപത്തി ഒൻപത് (8, 69, 029).

കേരോൽപ്പാദന വർദ്ധനവിനുള്ള പരിപാടികൾ

1608. [2394] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ ഉൽപ്പാദന വർദ്ധനവിനെ ലക്ഷ്യമാക്കി കൃഷി വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly